നരിപ്പറ്റ ആർ.എൻ.എം.എച്ച്.എസ്.-ലെ കായികാദ്ധ്യാപകനെ പിരിച്ചുവിട്ട നടപടി

67 (1103) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നരിപ്പറ്റ ആർ.എൻ.എം.എച്ച്.എസ്.-ലെ കായികാദ്ധ്യാപകനായിരുന്ന ശ്രീ. കെ. പ്രദീപനെ എന്ന് മുതലാണ് സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തതെന്നും നീക്കം ചെയ്തതെന്നും വ്യക്തമാക്കുമോ ;

(ബി) സസ്പെൻഷൻ കാലയളവിൽ ടിയാന് ഉപജീവന ബത്ത നൽകിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എത്ര തുകയാണ് നൽകേണ്ടിയിരുന്നതെന്നും വ്യക്തമാക്കുമോ ;

(സി) ടിയാന്റെ പി.എഫ്., എൽ.ഐ.സി., എസ്.എൽ.ഐ., ജി.ഐ.എസ്. തുടങ്ങിയവയിൽ അടവാക്കിയതും ടിയാന് അർഹതപ്പെട്ടതുമായ തുക എത്രയെന്നും അവ എപ്പോഴാണ് നൽകിയിട്ടുള്ളത് എന്നും വ്യക്തമാക്കുമോ ;

(ഡി) നാളിതുവരെ തുക നൽകിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രീ. കെ. പ്രദീപനെ 12-3-07 തീയതിയിൽ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്യുകയും സ്കൂൾ മാനേജരുടെ 30-3-2011-ലെ ഉത്തരവ് നമ്പർ 1/2011 പ്രകാരം 12-3-2007 പ്രാബല്യത്തിൽ സർവ്വീസിൽനിന്നും നീക്കം ചെയ്യുകയുമുണ്ടായി.

(ബി) സസ്പെൻഷൻ കാലത്ത് ഉപജീവന ബത്തയായി നൽകേണ്ടിയിരുന്ന തുക 1,65,582 രൂപയാണ്. അതേസമയം ശ്രീ. കെ. പ്രദീപൻ 12-3-2007 മുതൽ 30-9-2011 വരെയുള്ള കാലയളവിൽ 2,26,167 രൂപ (രൂപ രണ്ട് ലക്ഷത്തി ഇരുപത്താറായിരത്തി ഒരുനൂറ്റി അറുപത്തിയേഴ് മാത്രം) ശമ്പളം, അലവൻസ് എന്നീ ഇനത്തിൽ കൈപ്പറ്റിയിട്ടുണ്ട്.

(സി) ശ്രീ. കെ. പ്രദീപൻ കെ.എ.എസ്.ഇ.പി.എഫ്., ജി.ഐ.എസ്., എസ്.എൽ.ഐ. എന്നിവയിൽ അടച്ച തുക താഴെ ചേർക്കുന്നു :

കെ.എ.എസ്.ഇ.പി.എഫ്.	- 1,03,127
ജി.ഐ.എസ്.	- 7,072
എസ്.എൽ.ഐ.	- 6,150

ടിയാന് ഈ ഇനത്തിൽ തുക നൽകിയിട്ടില്ല.

(ഡി) തുക തിരികെ ലഭിക്കുന്നതിനായി ശ്രീ. കെ. പ്രദീപൻ അപേക്ഷ സമർപ്പിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly